**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 2** **10-06-2024 - ൽ മറുപടിയ്ക്ക്**

**പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഭക്ഷ്യധാന്യ വിതരണം കൂടുതൽ കാര്യക്ഷമമാക്കുക എന്നത് കേരളത്തിന്റെ സാമൂഹികസുരക്ഷാ പദ്ധതിയിലെ സുപ്രധാന ഘടകമാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. പൊതുവിതരണ സംവിധാനം സാമൂഹ്യ സുരക്ഷാ പദ്ധതിയുടെ സുപ്രധാന ഘടകം എന്ന് കണ്ടുകൊണ്ടാണ് ഭക്ഷ്യപൊതുവിതരണ വകുപ്പ് നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്.<br><br>• മുൻഗണനാപട്ടിക ശുദ്ധീകരിച്ച് അനർഹർ കൈവശം വച്ചിരിക്കുന്ന മുൻഗണനാകാർഡുകൾ പിടിച്ചെടുക്കാൻ ഓപ്പറേഷൻ യെല്ലോ<br>• ഗോത്രവർഗ്ഗ മേഖലകളിലേക്ക് സഞ്ചരിക്കുന്ന റേഷൻകടകൾ<br>• റേഷൻകടകളെ ആധുനീക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ശക്തിപ്പെടുത്തുന്ന കെ-സ്റ്റോർ പദ്ധതി<br>• അതിദരിദ്രരെ കണ്ടെത്തി റേഷൻകാർഡ് വിതരണം ചെയ്യുന്ന പദ്ധതി<br>• തെരുവോരത്ത് കഴിയുന്നവർ ഉൾപ്പെടെയുള്ള ജനവിഭാഗങ്ങൾക്ക് 4,59,409 പുതിയ റേഷൻ കാർഡുകൾ<br>• വിശപ്പുരഹിത കേരളം പദ്ധതിയുടെ ഭാഗമായി സുഭിക്ഷ ഹോട്ടലുകൾ<br>• കിടപ്പുരോഗികൾക്ക് ഓട്ടോ തൊഴിലാളി കൾ റേഷൻ വീട്ടിലെത്തിച്ചു നൽകുന്ന ഒപ്പം പദ്ധതി<br>• വിപണി ഇടപെടലിന്റെ ഭാഗമായി സപ്ലൈകോ വഴി കെ-റൈസ് വിതരണം<br>• 100% റേഷൻ ഉപഭോക്താക്കളെയും ആധാറുമായി ബന്ധിപ്പിച്ചത്<br>• ഇതര സംസ്ഥാനക്കാരായ തൊഴിലാളി കൾക്ക് കേരളത്തിലെ റേഷൻകടകളിൽ |

നിന്ന് ഭക്ഷ്യധാന്യ വിഹിതം വാങ്ങാൻ റേഷൻ റൈറ്റ്സ് കാർഡ്

- റേഷൻകട വഴി പത്തുരൂപയ്ക്ക് കുപ്പി വെള്ളം ലഭ്യമാക്കുന്ന സുജലം പദ്ധതി
- പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി റാഗിപ്പൊടി വിതരണം
- ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് ഭക്ഷ്യധാന്യ വിതരണം
- റേഷൻ കാർഡുകളിലെ തെറ്റുകൾ തിരുത്തുന്ന തെളിമ പദ്ധതി
- എ.ടി.എം. രൂപത്തിലുള്ള പി.വി.സി റേഷൻ കാർഡ്

എന്നിവയെല്ലാം തന്നെ ഇപ്രകാരം നടപ്പിലാക്കിയിട്ടുള്ളവയാണ്.

ഇതിനെല്ലാം പുറമെ പൊതുവിതരണ ശൃംഖലയിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം ഗണ്യമായി മെച്ചപ്പെടുത്തുവാനും സപ്ലൈകോയിൽ E.R.P (Enterprise Resource Planning) സംവിധാനം നടപ്പിലാക്കുവാനും റേഷൻ കാർഡുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ കാലയളവിൽ ലഭ്യമായ എഴുപത്തിയഞ്ച് ലക്ഷത്തി എൺപത്തി ഒന്നായിരത്തി ഇരുന്നൂറ്റി ഇരുപത്തിനാല് (75,81,224) ഓൺലൈൻ അപേക്ഷകളിൽ എഴുപത്തിയഞ്ച് ലക്ഷത്തി അറുപത്തി നാലായിരത്തി തൊള്ളായിരത്തി എഴുപത്തി മൂന്ന് (75,64,973) അതായത് 99.79% അപേക്ഷകൾ തീർപ്പാക്കുവാനും കഴിഞ്ഞു.

കേരളത്തിലെ പൊതുവിതരണ മേഖല പല ഘട്ടങ്ങളിലൂടെയുള്ള മാറ്റത്തിന് വിധേയമായിട്ടാണ് നിലവിലെ സംവിധാനം രൂപപ്പെട്ടിട്ടുള്ളത്. അനൗപചാരിക റേഷനിംഗ് സംവിധാനം 1964 ൽ തന്നെ സംസ്ഥാനത്ത് ഉണ്ടായിരുന്നു. 24/10/1965 മുതൽ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സംസ്ഥാനത്ത് ആരംഭിച്ചു. 1965 ൽ കേരളാ റേഷനിംഗ് ഓർഡർ നിലവിൽ വരികയും ചെയ്തു.

സംസ്ഥാനത്തെ റേഷനിംഗ് സമ്പ്രദായം സാർവ്വത്രികമായിരുന്നതിൽ നിന്ന് ലക്ഷ്യാധിഷ്ഠിതമായി മാറിയത് 01/06/1997 മുതലാണ്. അതായത് ദാരിദ്ര്യ രേഖയ്ക്ക് മുകളിൽ ഉള്ളവർ-താഴെയുള്ളവർ (APL, BPL) എന്ന വിഭജനം അന്നു മുതലാണ് നിലവിൽ വന്നത്.

2013 ലെ NFSA നിയമം 2016 ൽ നടപ്പിലാക്കുന്നതിന് മുമ്പ് സംസ്ഥാനത്ത് 3.34 കോടി

| | | | |
|---|---|---|---|
| | | | ജനങ്ങള് പൂർണ്ണമായും സ്റ്റാറ്റ്യൂട്ടറി റേഷൻ സംവിധാനത്തിന്റെ ഭാഗമായിരുന്നു. ആയതിന് ശേഷം ആകെയുള്ള 3.34 കോടി ഉണഭോക്താക്കളിൽ 43% പേർക്ക് മാത്രമാണ് സബ്സിഡി നിരക്കിൽ ഭക്ഷ്യ വസ്തുക്കൾ വിതരണം ചെയ്തു വരുന്നത്. ബാക്കിയുള്ള 57% കാർഡുടമകൾക്ക് സംസ്ഥാന സർക്കാരിന്റെ ചെലവിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്ത് വരുന്നു.<br><br>കേന്ദ്ര സർക്കാർ സബ്സിഡി നൽകുന്നത് AAY, PHH വിഭാഗങ്ങൾക്ക് മാത്രമാണ്. കേന്ദ്ര സർക്കാർ കിലോഗ്രാമിന് 8 രൂപ 30 പൈസ നിരക്കിൽ നൽകുന്ന tide-over വിഹിതത്തിൽ നിന്നും സംസ്ഥാന സർക്കാർ സബ്സിഡി നൽകി NPS (നീല കാർഡ്) വിഭാഗങ്ങൾക്ക് കിലോഗ്രാമിന് 4രൂപ നിരക്കിലാണ് അരി വിതരണം ചെയ്യുന്നത്. മുൻഗണനേതര വിഭാഗ ക്കാരായ നീല, വെള്ള കാർഡുകാർക്ക് സംഭരണവും ഗതാഗതവും ഉൾപ്പെടെയുള്ള അനുബന്ധചെലവുകൾ പൂർണ്ണമായും സംസ്ഥാന സർക്കാർ വഹിച്ചുകൊണ്ടാണ് ഭക്ഷ്യധാന്യ വിതരണം നിർവ്വഹിക്കുന്നത്.<br><br>നമ്മുടെ സംസ്ഥാനത്തിന് ആവശ്യമായ ആകെ ഭക്ഷ്യധാന്യ വിഹിതത്തിന്റെ കേവലം 20% മാത്രമാണ് സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്നത്. ശേഷിക്കുന്ന ഭക്ഷ്യധാന്യങ്ങൾ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും എത്തിച്ചാണ് സംസ്ഥാനത്തിന്റെ ആവശ്യകത നിറവേറ്റുന്നത്. |
| (ബി) | പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനായി ഭക്ഷ്യ പൊതുവിതരണ വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | ക്ലോസ് (എ)യുടെ മറുപടി കണ്ടാലും. |
| (സി) | വകുപ്പ് നടപ്പിലാക്കിയ ഏറ്റവും പുതിയ പദ്ധതിയായ ശബരി കെ-റൈസ് ഉൾപ്പെടെയുള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (സി) | **ശബരി കെ-റൈസ് -** പൊതുജനങ്ങൾക്ക് കുറഞ്ഞ വിലയിൽ നല്ലയിനം അരി ലഭ്യമാക്കുന്നതിന്റെ ഭാഗമായി സപ്ലൈകോ മുഖേന ശബരി കെ-റൈസ് എന്ന ബ്രാൻഡിൽ സബ്സിഡി നിരക്കിൽ ജയ അരി കി.ഗ്രാമിന് 29 രൂപയ്ക്കും, കുറുവ, മട്ട അരി കി.ഗ്രാമിന് 30 രൂപ നിരക്കിലും വിൽപന നടത്തിവരുന്നു.<br><br>മേൽപ്പറഞ്ഞ പ്രകാരമുള്ള പദ്ധതികൾ നടപ്പിൽ വരുത്തുവാൻ സാധിച്ചതിലൂടെ ഭക്ഷ്യഭദ്രത എന്ന മഹത്തായ ലക്ഷ്യം സംസ്ഥാനത്ത് ഉറപ്പ് വരുത്തുവാൻ സാധിച്ചു. നമ്മുടെ രാജ്യത്തിന് തന്നെ മാതൃകയാക്കാവുന്ന പൊതുവിതരണവുമായി ബന്ധപ്പെട്ട വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ സാധിച്ചതിലൂടെ സംസ്ഥാനത്തിന് |

| | | | |
|---|---|---|---|
| | | | ദേശീയ തലത്തിൽ മാതൃക സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (ഡി) | ഇപ്രകാരം നടപ്പിലാക്കിയ പദ്ധതികളിലൂടെ ഭക്ഷ്യ പൊതുവിതരണ വകുപ്പിനുണ്ടായ മാറ്റങ്ങളെക്കുറിച്ച് വിശദമാക്കാമോ? | (ഡി) | ക്ലോസ് (സി)യുടെ മറുപടി കണ്ടാലും. |

സെക്ഷൻ ഓഫീസർ